**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1577** **15-03-2022 - ൽ മറുപടിയ്ക്ക്**

**തേങ്ങ-കൊപ്ര-വെളിച്ചെണ്ണ വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ദെലീമ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വിളവെടുപ്പ് ചെലവ് അടിസ്ഥാനത്തിൽ പച്ച തേങ്ങ-കൊപ്ര-വെളിച്ചെണ്ണ തുടങ്ങിയവ സംഭരിച്ച് വിപണി നിയന്ത്രിക്കുവാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്തു കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14.01.2022 ലെ സ.ഉ.(കൈ)നം.3/2022 ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങു വില നൽകി സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/ സി.പി.എഫ്/ സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും, നാളികേര വികസന കോർപറേഷന് 50 ലക്ഷം രൂപയും റിവോൾവിങ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കേണ്ടതാണ്. കൊപ്രയുടെ |

| | | | |
|---|---|---|---|
| | | | വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങു വില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി. തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ- സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും 50 നാളികേരം എന്ന കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും / 7.50 കിലോ കൊപ്രയായും കണക്കാക്കുന്നതാണ്. |
| (ബി) | ആദായകരമായി അപകടഭീതി ഇല്ലാതെ തേങ്ങയും കളളും കരിക്കും ശേഖരിക്കുവാനും കീടരോഗ പരിപാലനത്തിനും പരിചരണത്തിനും ഉപകാരമാകുന്ന സാങ്കേതിക മികവുളള തെങ്ങ് കയറ്റ യന്ത്രം വികസിപ്പിക്കുന്നതിന് സർക്കാർ മുൻകൈയ്യെടുക്കുമോ; | (ബി) | പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | നാളികേര വികസന കോർപ്പറേഷൻ, കേരഫെഡ് തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങൾ ഇടനിലക്കാർ മുഖേന അയൽ സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ കൊപ്ര വൻതോതിൽ സംഭരിച്ച് കേരളത്തിൽ കൊണ്ടുവരുന്നത് ഒഴിവാക്കി കൊപ്ര പൂർണ്ണമായും കേരളത്തിലെ തെങ്ങ് കൃഷിക്കാരിൽ നിന്നും സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കൊപ്ര പൂർണ്ണമായും കേരളത്തിലെ തെങ്ങ് കൃഷിക്കാരിൽ നിന്നും സംഭരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കർഷകർക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന കൊപ്ര, തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകുന്ന അടിസ്ഥാനത്തിൽ കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിലൂടെ ഇ - സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ കർഷകരുടെ കൊപ്ര പൂർണമായും സംഭരിക്കുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ